**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1737** **15-03-2022 - ൽ മറുപടിയ്ക്ക്**

**തെറ്റായി നൽകുന്ന ബിരുദ സർട്ടിഫിക്കറ്റുകൾ പിൻവലിക്കുന്നതിനുള്ള വ്യവസ്ഥ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അബ്ദുൽ ഹമീദ് പി | | null<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | സർവ്വകലാശാലകളുടെ വീഴ്ച്ച മൂലം തെറ്റായി നൽകുന്ന ബിരുദ സർട്ടിഫിക്കറ്റുകൾ പിൻവലിക്കുവാനുള്ള വ്യവസ്ഥ ചട്ടങ്ങളിൽ കൂട്ടി ചേർത്തിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | കൂട്ടി ചേർക്കപ്പെട്ടിട്ടില്ല. |
| (ബി) | കേരള സർവ്വകലാശാലയുടെ കീഴിൽ സ്ഥലം മാറി പോയ ഉദ്യോഗസ്ഥന്റെ പാസ്സ്‌വേർഡ് ഉപയോഗിച്ച് പരീക്ഷയിൽ തോറ്റ 23 വിദ്യാർത്ഥികളെ വിജയിപ്പിച്ച സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ പ്രസ്തുത വിദ്യർത്ഥികളുടെ സർട്ടിഫിക്കറ്റുകൾ പിൻവലിച്ചിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത വിദ്യാർത്ഥികളുടെ ഡിഗ്രി റദ്ദാക്കുന്നത് സംബന്ധിച്ച നടപടികൾ സിൻഡിക്കേറ്റും സെനറ്റും അംഗീകരിച്ച് ബഹു. ചാൻസിലർക്ക് സമർപ്പിച്ചുവെങ്കിലും, അംഗീകാരം ലഭിക്കാത്തതിനാൽ ഡിഗ്രി റദ്ദാക്കൽ പ്രക്രിയ പൂർത്തീകരിച്ചിട്ടില്ല. എന്നാൽ 23 വിദ്യാർത്ഥികളിൽപ്പെട്ട ചില വിദ്യാർത്ഥികൾ ബഹു. ഹൈക്കോടതിയെ സമീപിക്കുകയും, കോടതി വിധിപ്രകാരം അവർക്ക് ഡിഗ്രി സർട്ടിഫിക്കറ്റ്/ പ്രൊവിഷണൽ സർട്ടിഫിക്കറ്റ് കേരള സർവ്വകലാശാല നൽകിയിട്ടുണ്ട്. |
| (സി) | ഇത് സംബന്ധിച്ച് ക്രൈംബ്രാഞ്ച് അന്വേഷണം നടത്തിയിയിട്ടുണ്ടോ; ക്രൈംബ്രാഞ്ചിന് പരീക്ഷ രേഖകൾ കൈമാറിയിട്ടുണ്ടോ; കുറ്റക്കാരായ ജീവനക്കാർക്ക് എതിരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ് ; വ്യക്തമാക്കാമോ? | (സി) | യൂണിവേഴ്സിറ്റിയുടെ ആവശ്യപ്രകാരം ക്രൈംബ്രാഞ്ച് കേസ് അന്വേഷണം നടത്തുന്നുണ്ട്. ക്രൈം ബ്രാഞ്ച് ആവശ്യപ്പെട്ട രേഖകൾ യൂണിവേഴ്സിറ്റി കൈമാറിയിട്ടുണ്ട്. ടി വിഷയവുമായി ബന്ധപ്പെട്ട് ഇ.എസ്.വിഭാഗത്തിന്റെ ഡെപ്യൂട്ടി രജിസ്ട്രാറെ അന്വേഷണവിധേയമായി സസ്പെൻഡ് ചെയ്തിരുന്നു. |

സെക്ഷൻ ഓഫീസർ